# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 250 — 28.01.2014 ൽ മറുപടിക്ക്

## സപ്ലൈകോയുടെ സാധനങ്ങളുടെ വില

**ചോദ്യം**

ശ്രീ. എ. പ്രദീപ്കുമാർ:
ശ്രീ. കോടിയേരി ബാലകൃഷ്ണൻ:
ശ്രീ. ജെയിംസ് മാത്യു:
പ്രൊഫ. സി. രവീന്ദ്രനാഥ്:

**ഉത്തരം**

ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി )

(എ) സപ്ലൈകോ പൊതു വിതരണ ശൃംഖലയിലൂടെ വിതരണം ചെയ്യുന്ന ഭക്ഷ്യവസ്തുക്കൾക്ക് വില വർദ്ധിപ്പിക്കുകയുണ്ടായോ;

(എ) ഉണ്ട്.

(ബി) ഏതെല്ലാം വസ്തുക്കൾക്ക് എത്ര ശതമാനം നിരക്കി ലാണ് വില വർദ്ധനവ് എന്ന് വെളിപ്പെടുത്താമോ;

(ബി) സപ്ലൈകോ വഴി സബ്സിഡി നിരക്കിൽ വിതരണം ചെയ്യപ്പെടുന്ന 13 ഇനം ഭക്ഷ്യ വസ്തുക്കളുടെ വില 27.07.2013 ലെ സ.ഉ.(എം.എസ്) നം.32/13/ഭ.സി.സ.വ. പ്രകാരം 01.08.2013 മുതൽ പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. പുതുക്കി നിശ്ചയിച്ച വില, വിലവർദ്ധനവ് (ശതമാനം) എന്നിവ ചുവടെ ചേർക്കുന്നു.

| ഇനം | 27.07.2013 ൽ ഉണ്ടായിരുന്ന സബ്സിഡി വില | പുതുക്കിയ സബ്സിഡി വില | വർദ്ധനവ് ശതമാനം | നിലവിലെ പൊതു വിപണി വില |
|---|---|---|---|---|
| ചെറുപയർ | 49.00 | 55.00 | 12.24% | 84.80 |
| ഉഴുന്ന് ബോൾ | 36.00 | 42.00 | 16.66% | 73.10 |
| വൻകടല | 44.00 | 45.00 | 2.27% | 59.20 |
| വൻപയർ | 26.50 | 35.00 | 32.07% | 60.60 |
| തുവരപ്പരിപ്പ് | 34.00 | 45.00 | 32.35% | 77.00 |
| മുളക് | 45.00 | 55.00 | 22.22% | 99.00 |
| മല്ലി | 45.90 | 60.00 | 30.71% | 95.20 |
| പഞ്ചസാര | 25.00 | 26.00 | 4% | 34.25 |
| പച്ചരി | 16.00 | 21.00 | 31.25% | 28.50 |
| മട്ട അരി | 16.00 | 21.00 | 31.25% | 34.30 |
| കുറുവ അരി | 19.00 | 21.00 | 10.52% | 31.33 |
| ജയ അരി | 21.00 | 21.00 | 0% | 33.70 |
| വെളിച്ചെണ്ണ | 62.00 | 62.00 | 0% | 128.00 |

| | | | |
|---|---|---|---|
| (സി) | പൊതുവിപണിയിൽ വില നിലവാരം കുതിച്ചുയർന്നു കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ പൊതുജന ങ്ങൾക്ക് ആശ്വാസമേകേണ്ട മാവേലി സ്റ്റോറുകളിലും മറ്റും ഭക്ഷ്യ വസ്തുക്കൾക്ക് വില വർദ്ധിപ്പിച്ച നടപടി ഉചിതമാണെന്ന് കരുതുന്നു ണ്ടോ ; | (സി) യും (ഡി) യും | സപ്ലൈകോയുടെ സബ്സിഡി വില പൊതുവിപണി യേക്കാൾ 30 മുതൽ 50% വരെ കുറവാണ്. സപ്ലൈകോയിൽ നിന്നും സബ്സിഡി നിരക്കിൽ ലഭിക്കുന്ന അവശ്യ വസ്തുക്കൾ വിലക്കയറ്റത്തിൽ നിന്ന് സാധാരണ ജനങ്ങൾക്ക് ആശ്വാസമാണ്, സബ്സിഡി അല്പം കുറച്ച് കൂടുതൽ അളവിൽ സാധനങ്ങൾ വിതരണം ചെയ്തതുമൂലം അവശ്യസാധനങ്ങളുടെ ലഭ്യത കമ്പോളത്തിൽ വർദ്ധിക്കുകയും ഇത് മൂലം പൊതുവിപണി വില ഫലപ്രദമായി പിടിച്ചുനിർത്തുവാൻ സാധിക്കുകയും ചെയ്തു. സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്ന സാധനങ്ങളുടെ വില നേരിയ തോതിൽ വർദ്ധിപ്പിക്കുന്നതോടൊപ്പം അളവും ആനുപാതിക മായി (പയർ, പഞ്ചസാര, പരിപ്പുവർഗ്ഗങ്ങൾ എന്നിവ ഇരട്ടി അളവിൽ) വർദ്ധിപ്പിക്കുന്നത് യുക്തിസഹജ മായ സമീപനത്തോടെയുള്ള വിപണിയിടപെടൽ നയത്തിന്റെ ഭാഗമാണ്. സപ്ലൈകോ സബ്സിഡി വില പുനർനിർണ്ണയിച്ചതിനോടൊപ്പം അവയുടെ ലഭ്യതകൂടി ഉറപ്പുവരുത്തിയതിനാൽ കൂടുതൽ ജനങ്ങൾക്ക് അവ ആവശ്യാനുസരണം ലഭ്യമായി. 2012 വർഷം കൈകാര്യം ചെയ്ത ഭക്ഷ്യ ധാന്യ ങ്ങളേക്കാൾ ഇരട്ടിയോളം ഭക്ഷ്യ ധാന്യങ്ങൾ 2013 ൽ സപ്ലൈകോ കൈകാര്യം ചെയ്തു. ആയതിനാൽ വില പുനർനിർണ്ണയം ചെയ്തുവെങ്കിലും കൂടുതൽ സബ്സിഡി സാധനങ്ങൾ എത്തിക്കുക വഴി കൂടുതൽ ജനങ്ങൾക്ക് ഈ നടപടി ആശ്വാസകരമായി. തന്മൂലം വിപണി ഇടപെടൽ ഫലപ്രദമായതിനു പുറമെ പൊതു വിപണിയിലെ വിലനിലവാരം പിടിച്ചുനിർത്തുവാനും സാധിച്ചു. |
| (ഡി) | വില വർദ്ധിപ്പിച്ച നടപടി പുനഃപരിശോധിക്കുന്ന തിനും കൂടുതൽ ഭക്ഷ്യവ സ്തുക്കൾ പൊതുവിതരണ ശൃംഖല വഴി കുറഞ്ഞ നിര ക്കിൽ വിതരണം ചെയ്യുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ? | | |

Beena

**സെക്ഷൻ ഓഫീസർ**

ം